# പൊതുസമൂഹത്തെ അഭിസംബോധന ചെയ്യണം

**കെ.പി രാമനുണ്ണി**



***പ്രബോധനവും*** അതിന് നേതൃത്വം നൽകുന്ന പ്രസ്ഥാനവും കടന്നുവന്ന വഴികളുടെ ഒരു ഏകദേശ ദൃഷ്ടാന്തമാണ് ഈ സമ്മേളനം. രാവിലെ കോഴിക്കോട്ട് പെയ്ത മഴ ഇപ്പോൾ ഇവിടെ പെയ്യുകയാണെങ്കിൽ സമ്മേളനം വല്ലാതെ അലങ്കോലപ്പെട്ടുപോകുമായിരുന്നു. ദൈവാനുഗ്രഹത്താൽ ശക്തമായ മഴ പെയ്യുന്നില്ല. എന്നാൽ *പ്രബോധന*ത്തെ ദൈവം പരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഈ മഴയെ അതിജീവിച്ചുകൊണ്ട് ഞങ്ങൾ ഞങ്ങളുടെ ദൗത്യം മുന്നോട്ടുകൊണ്ടുപോകും എന്ന് പ്രഖ്യാപിക്കാനുള്ള ഒരു ദൃഷ്ടാന്തം പോലെ ഈ സമ്മേളനം അനുഭവപ്പെടുന്നു.

ഈ പ്രസ്ഥാനത്തിന്റെ തുടക്കവും അങ്ങനെയായിരുന്നു. *പ്രബോധനം* തുടങ്ങുന്നതിന്റെ മുമ്പുതന്നെ ദൈവത്തിന്റെ പരീക്ഷണമുണ്ടായിട്ടുണ്ട്. 63 പേർക്ക് ക്ഷണക്കത്തയച്ച് വരുത്തി, നാദാപുരത്ത് ഒരു സമ്മേളനം നടത്താൻ തീരുമാനിച്ചു. പക്ഷേ, പോലീസും മറ്റു ചിലരും സൃഷ്ടിച്ച തടസ്സങ്ങൾ കാരണം ആ സമ്മേളനം നടന്നില്ല. അവിടെ നിന്ന് മടങ്ങി ഇരുപത് മൈൽ നടന്ന് വടകര വഴി അവർ കോഴിക്കോട്ടെത്തി. അവിടെ ഒരു ഓഫീസിൽ വെച്ച് ഹാജി സാഹിബിന്റെ നേതൃത്വത്തിൽ 'ഞങ്ങൾ അശക്തരാണ്. എന്നാൽ ഞങ്ങളുടെ ദൈവം, അല്ലാഹു ശക്തനാണ്' എന്നു പറഞ്ഞ് ഒരു പ്രതിജ്ഞയെടുത്തു. അങ്ങനെയാണ് *പ്രബോധനം* തുടങ്ങിയത്. ദൈവത്തിൽ എല്ലാം സമർപ്പിക്കാനുള്ള മനസ്സും മറ്റുള്ളവരിലേക്ക് സന്ദേശം പകരാനുള്ള ആവേശവുമാണ് *പ്രബോധന*ത്തെ വളർത്തിയത്. എഴുത്തുകാരന്റെ പേനയിൽനിന്ന് വരുന്ന വാക്കുകൾ ആരെയെങ്കിലും സുഖിപ്പിക്കാനല്ല, സത്യത്തിന്റെ പ്രകാശനത്തിനാണ്. അല്ലാഹു നിർദേശിച്ച നല്ല പാതയിൽ കൂടി മറ്റുള്ളവരെ നയിക്കാൻ വേണ്ടിയാണ് പേന ഉപയോഗിക്കേണ്ടത് എന്ന സന്ദേശമാണ് *പ്രബോധനം* നൽകുന്നത്.

ഇന്ന് എഴുത്തുകാരൻ പേന തുറക്കുന്നത്, മാധ്യമങ്ങൾ പേന തുറക്കുന്നത് ആളുകളെ തെറ്റായ വഴിയിലേക്ക് നയിക്കാനാണ്. ആളുകളുടെ ഇഷ്ടങ്ങൾക്കനുസരിച്ചാണ് പലരും എഴുതുന്നത്. ആളുകളെ മോശമായ കാര്യങ്ങളാണ് ആകർഷിക്കുക. ഈ താൽപര്യത്തിനനുസരിച്ച്, അതെത്ര മോശമാണെങ്കിലും ശരി എഴുതുകയാണ്. മോശമായത് കൊടുക്കാൻ തയാറായാൽ അതിനായിരിക്കും

ആവശ്യക്കാരുണ്ടാവുക. ഒരു ഹോളിഡേക്ക് കള്ളുഷാപ്പിലുണ്ടായ തിരക്ക് നാം കണ്ടതാണ്. ഇനി കഞ്ചാവ് സുലഭമായി കൊടുക്കാൻ തുടങ്ങിയാൽ അതിനായിരിക്കും ആവശ്യക്കാർ കൂടുതൽ. ഇതാണോ വാക്കുകൊണ്ട്, അക്ഷരംകൊണ്ട്, എഴുത്തുകൊണ്ട് പ്രദാനം ചെയ്യേണ്ടത്? ആളുകളെ വളർത്താൻ സത്യത്തിന്റെ മാർഗത്തിലേക്ക് നയിക്കാൻ വേണ്ടതാണ് പേന കൊണ്ട് പ്രദാനം ചെയ്യേണ്ടത്. ഈ ദൗത്യവുമായാണ് *പ്രബോധനം* വന്നിട്ടുള്ളത്.

മതം, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അധഃപതിച്ച് കാണുകയെന്നത് പദാർഥവാദത്തിന്റെ ലക്ഷ്യമാണ്. മതം ഭരണത്തിലോ ജീവിതത്തിലോ ഇടപെടേണ്ടതല്ല. നിങ്ങളുടെ വ്യക്തിപരമായ കാര്യം മാത്രമാണത്. അതിന് സമൂഹത്തിലോ ഭരണത്തിലോ യാതൊരു ഇടവുമില്ല എന്നു പറയുന്നതിനർഥം, ഭരണവും സമൂഹവും മൂല്യമില്ലാത്ത അവസ്ഥയിലേക്ക് പൊയ്ക്കോട്ടെ, അത് കണ്ടു നിൽക്കണം' ഇതാണ് പദാർഥവാദത്തിന്റെ, മുതലാളിത്ത ലോകത്തിന്റെ ആവശ്യം. മഹാത്മാ ഗാന്ധി പറഞ്ഞു, മതമുക്തമായ ഭരണം മരണതുല്യമാണ് എന്ന്. മതമെന്നാൽ മൂല്യവ്യവസ്ഥയാണ്, ആത്മീയത മനുഷ്യനെ മൃഗത്തിൽനിന്ന് ദേവതാസ്ഥാനത്തേക്കുയർത്തുന്ന മൂല്യവ്യവസ്ഥിതിയാണ്. അതിനെ വർജിക്കുന്ന ഒരു സംവിധാനത്തിൽ ജീവിക്കുന്നത് മരണത്തിന് സമാനമായി കാണുന്നുവെന്നാണ് രാഷ്ട്രപിതാവ് പറഞ്ഞത്.

പാശ്ചാത്യ ജ്ഞാനോദയ പ്രസ്ഥാനങ്ങൾ പള്ളി വേറെ പള്ളിക്കൂടം വേറെ എന്നാണ് പറഞ്ഞത്. അതായത് പള്ളിക്കൂടത്തിൽ പഠിപ്പിക്കുന്നത് മൂല്യ രഹിതമായിരിക്കണം. ഇന്ന് അക്ഷരാർഥത്തിൽ നടന്നുകൊണ്ടിരിക്കുന്നത് ഇതുതന്നെയാണ്. പുരോഹിത വർഗത്തിന്റെ തെറ്റായ നയങ്ങളെയല്ല ഞാൻ പള്ളി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ മതങ്ങളുടെയും പിന്നിലുള്ള ആത്മീയതയുടെ മൂല്യബോധത്തെയാണ് പള്ളി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പഠിക്കുന്ന കാര്യത്തിൽ മൂല്യത്തിന്റെ ആവശ്യമില്ല എന്ന പഠിപ്പാണ് ഇന്ന് കുട്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് പ്ലസ്ടുവും എൻട്രൻസും കഴിഞ്ഞ മിടുക്കന്മാരായ കുട്ടികൾ സഹോദരിമാരായി കരുതേണ്ട പെൺകുട്ടികളെ പിടിച്ച് റാഗ് ചെയ്യുന്നതും ഉപദ്രവിക്കുന്നതും. മെഡിക്കൽ കോളേജിലും എഞ്ചിനീയറിംഗ് കോളേജിലും പഠിക്കുന്ന കുട്ടികൾക്ക് ബുദ്ധിശക്തിയുടെ കുറവുണ്ടോ, കഴിവുകളുടെ കുറവുണ്ടോ? ഇല്ല. എന്നിട്ടും എന്തുകൊണ്ടാണവർ ക്രൂരന്മാരായിത്തീരുന്നത്? അവർ എന്തുകൊണ്ടാണ് വൃത്തികേടുകൾ കാണിക്കുന്നത്? അവർക്ക് മൂല്യബോധത്തിന്റെ കുറവുണ്ട്. പള്ളിയെയും പള്ളിക്കൂടത്തെയും വേർതിരിച്ചതിന്റെ ഫലമാണിത്.

ഇസ്‌ലാം മുസ്‌ലിംകൾക്ക് മാത്രമുള്ളതല്ല. ഇസ്‌ലാം മാനവരാശിക്കു മുഴുവനായിട്ടുള്ളതാണ്. എല്ലാ മതങ്ങളിലും ഇസ്‌ലാം ഉണ്ട്. മുഹമ്മദ് നബിക്ക് മുമ്പേ ഇസ്‌ലാം ഉണ്ട് എന്ന് പറഞ്ഞാൽ എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തിട്ടുള്ള മതം, ആത്മീയ മൂല്യം ഒന്നാണ് എന്നതാണ്. അതിന് ഒരു രാഷ്ട്രീയമുണ്ട്. അതിന് ഒരു സൂക്ഷ്മരാഷ്ട്രീയം ഉണ്ട്. ആ സൂക്ഷ്മ രാഷ്ട്രീയത്തെ വർജിക്കുമ്പോഴാണ് പദാർഥവാദവും ഭൗതികവാദവും ഉണ്ടാകുന്നത്. ഭൗതികവാദമാണ്, ഇത്രയേറെ ശാസ്ത്ര പുരോഗതിയുണ്ടായിട്ടും നമ്മുടെ ലോകത്തെ ജീവിതയോഗ്യമല്ലാതാക്കിത്തീർക്കുന്നത്. ആത്മീയതയുടെ മൂല്യം രംഗത്തുണ്ടാകാതിരിക്കുക

യെന്നത് മുതലാളിത്തത്തിന്റെയും കമ്പോളത്തിന്റെയും ആവശ്യം കൂടിയാണ്. കാരണം, ആത്മീയത പറയുന്നത് ഏകമാനവികതയെക്കുറിച്ചാണ്. എല്ലാ മനുഷ്യരും ദൈവത്തിന്റെ സൃഷ്ടികളും സമന്മാരുമാണ്. ബിൽഗേറ്റ്സും ആഫ്രിക്കയിലെ ഒരു സാധാരണക്കാരനും തമ്മിൽ ഇന്നുള്ള വ്യത്യാസം ഒരിക്കലും ആത്മീയത അംഗീകരിക്കുന്നില്ല. ഒരു സമ്പന്നന് ഒരു രാഷ്ട്രത്തെ വിലയ്ക്കു വാങ്ങാനുള്ള സമ്പത്തുണ്ടാവുക, അതേസമയം അവിടത്തെ ഒരു മനുഷ്യൻ ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാതെ ജീവിക്കേണ്ടിവരിക- ഇത് ഒരു ആത്മീയവാദിക്ക് അംഗീകരിച്ചുകൊടുക്കാനാകില്ല. അതുകൊണ്ട് മതത്തെ, ആത്മീയതയെ ഭരണത്തിൽനിന്നും വ്യവസ്ഥിതിയിൽനിന്നും മാറ്റിനിർത്താനാണ് പദാർഥവാദം ശ്രമിക്കുന്നത്. ഇന്നത്തെ മുതലാളിത്തത്തിനും കമ്പോളത്തിനും ആവശ്യമതാണ്. അതുകൊണ്ട് ആത്മീയതയെന്നത് ജീവശ്വാസം പോലെ സൂക്ഷിക്കേണ്ടതായി മാറിയിരിക്കുന്നു. വെടക്കാക്കി തനിക്കാക്കുകയെന്നതാണ് മുതലാളിത്തത്തിന്റെ തന്ത്രം. മതത്തെ കേടുവരുത്താൻ ഏറ്റവും ശ്രമിക്കുന്നത്, തെറ്റായ ചലനങ്ങളെ ത്വരിപ്പിക്കുന്നത് മുതലാളിത്തമാണ്. ഈയൊരു സന്ദിഗ്ധ കാലത്ത് *പ്രബോധന*ത്തിന്റെ ദൗത്യം വളരെ വലുതാണ്. നടന്നുവന്നതിലേറെ വലിയ വഴികൾ താണ്ടാനിരിക്കുകയാണ്. ഇസ്‌ലാം മുസ്‌ലിംകൾക്ക് മാത്രമുള്ളതല്ല എന്നതുപോലെ *പ്രബോധനം* മുസ്‌ലിംകൾക്കു മാത്രമായുള്ളതാകരുത്. *പ്രബോധനം* എല്ലാ മതക്കാരെയും അഭിസംബോധന ചെയ്യുന്നതായി മാറണം. എല്ലാ മതങ്ങളിലും ഇസ്‌ലാമിന്റെ ഘടകങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ട്. മറ്റു മതങ്ങളിലെ യഥാർഥ വിശ്വാസികളെ, നല്ല ജനങ്ങളെ കൈകോർത്തു പിടിച്ച് *പ്രബോധനം* മുന്നോട്ടുപോകണം. മറ്റു മതക്കാരെ, വർഗീയതയിലേക്ക് പോകാതെ യഥാർഥ വിശ്വാസത്തിൽ കോർത്തിണക്കിക്കൊണ്ട് അഭിസംബോധനം ചെയ്യുന്ന തലത്തിലേക്ക് വളരണം. 'എന്റെ മതം' എന്ന വികാരത്തെ അതിജീവിക്കാനുള്ള കരുത്ത് യഥാർഥ വിശ്വാസിക്കുണ്ട്. പ്രവാചകന്മാരുടെ ജീവിതത്തിൽനിന്ന് ഇത് മനസ്സിലാക്കാൻ കഴിയും. എല്ലാ മതക്കാരെയും ചേർത്ത് സാമ്പത്തിക അശ്ലീലതകൾക്കും ആർത്തിയുടെയും ഉപഭോഗസംസ്കാരത്തിന്റെയും ജീർണതകൾക്കുമെതിരെ പൊരുതാൻ *പ്രബോധന*ത്തിന് സാധിക്കും.അതിനു വേണ്ടി ഞാൻ ഈശ്വരനോട് പ്രാർഥിക്കുന്നു. ■